**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6067** **19/11/2019 ൽ മറുപടിക്ക്**

**<u>വാദ്യകലകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ്** | **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ദേവസ്വങ്ങളുടെ കീഴിൽ വാദ്യകലകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവിതാംകൂർ, ഗുരുവായൂർ, മലബാർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ കീഴിൽ വാദ്യകലകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ നിലവിലുണ്ട്. |
| (ബി) | എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | **<u>തിരുവിതാംകൂർ ദേവസ്വം ബോർഡ്</u>**<br>ബോർഡിന് കീഴിൽ വൈക്കത്തും ആറ്റിങ്ങലും ക്ഷേത്ര കലാപീഠങ്ങൾ പ്രവർത്തിക്കുന്നു. ഇവിടെ പഞ്ചവാദ്യം, തകിൽ, നാദസ്വരം എന്നിങ്ങനെ മൂന്ന് വർഷ കാലാവധിയുള്ള മൂന്ന് കോഴ്സുകൾ പഠിപ്പിക്കുന്നു. വൈക്കം ക്ഷേത്ര കലാ പീഠത്തിൽ ഓരോ വർഷവും പഞ്ചവാദ്യത്തിൽ 40 വിദ്യാർത്ഥികളും തകിൽ, നാദസ്വരം വിഭാഗത്തിൽ 15 വീതം വിദ്യാർത്ഥികൾക്കും പ്രവേശനം നൽകി വരുന്നു. ആറ്റിങ്ങൽ ക്ഷേത്ര കലാ പീഠത്തിൽ ഓരോ വർഷവും പഞ്ചവാദ്യത്തിൽ 20 വിദ്യാർത്ഥികൾക്കും തകിൽ, നാദസ്വരം വിഭാഗത്തിൽ 15 വീതം വിദ്യാർത്ഥികൾക്കും പ്രവേശനം നൽകി വരുന്നു.<br>**<u>ഗുരുവായൂർ ദേവസ്വം</u>**<br>ഗുരുവായൂർ ദേവസ്വത്തിനു കീഴിൽ തിമില, മദ്ദളം, ചെണ്ട, കൊമ്പ്, കുറുംകുഴൽ, നാദസ്വരം, തകിൽ, അഷ്ടപദി എന്നീ വാദ്യകലകൾ ആണ് പഠിപ്പിക്കുന്നത്. |

| | | | |
|---|---|---|---|
| | | | **<u>കൊച്ചിൻ ദേവസ്വം ബോർഡ്</u>**<br>തൃശ്ശൂർ ഗ്രൂപ്പിനു കീഴിൽ വടക്കേക്കര ക്ഷേത്രത്തിലും തൃപ്പൂണിത്തുറ ഗ്രൂപ്പിൽ അഴകിയകാവ് ചേരാനെല്ലൂർ, എറണാകുളം, പള്ളിയറക്കാവ് എന്നീ ക്ഷേത്രങ്ങളിലും തിരുവഞ്ചിക്കുളം ഗ്രൂപ്പിൽ പെരുവനം ക്ഷേത്രത്തിലും തിരുവില്വാമല ഗ്രൂപ്പിൽ പനങ്ങാട്ടുകര, രവിപുരമംഗലം എന്നീ ക്ഷേത്രങ്ങളിലും വാദ്യകലാകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.<br>**<u>മലബാർ ദേവസ്വം ബോർഡ്</u>**<br>മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ക്ഷേത്രകലകൾ പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി സ്ഥാപിക്കപ്പെട്ട ' ക്ഷേത്രകലാ അക്കാദമി ' പ്രവർത്തിക്കുന്നുണ്ട്. വാദ്യകലകളിൽ ചെണ്ട സൗജന്യമായി കുട്ടികൾക്ക് പരിശീലിപ്പിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ